

Monthly Price: Rs. 4 Year: 2010

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **Septemper 2010** **No. 6**

# എഡിറ്റോറിയൽ

ഇന്നു കർത്താവിന്റെ സഭ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിശോധിച്ചാൽ ഏതാനും സത്യങ്ങൾ നമുക്ക് വെളിപ്പെട്ടു കിട്ടും. സത്യത്തിനെതിരായ ആക്രമണം സഭയുടെ ആരംഭം മുതൽ ഉണ്ടായിട്ടുണ്ട്. റോമാ ഭരണകൂടവും യെഹൂദ മതവും സത്യത്തിനെതിരായി പ്രവർത്തിച്ചിരുന്നു. റോമൻ ഭരണകൂടം വിചാരിച്ചതു യേശുക്രിസ്തുവും അവന്റെ അനുയായികളും ചേർന്നു തങ്ങളുടെ അധികാരത്തെ മറിച്ചിടും എന്നാണ്. കാരണം യേശുവിന്റെ പിന്നാലെ ധാരാളം പുരുഷൻമാർ പോകുന്നു. അവനെ അനുഗമിക്കുന്ന പുരുഷാരത്തെ കണ്ട് അവർ ഭയപ്പെട്ടുകാണും. അതുകൊണ്ടു അവർ യേശുക്രിസ്തു സംസാരിച്ച സത്യത്തിനെതിരായും യേശുവിനെതിരായും ദുരാരോപണങ്ങൾ നടത്തുവാനും അവനെ ഇല്ലായ്മ ചെയ്യുവാനും ഗൂഢാലോചന നടത്തുവാൻ തുടങ്ങി.

യേശുവിനെയും അവന്റെ ഉപദേശത്തെയും അന്നത്തെ യെഹൂദമതവും എതിർക്കുവാൻ തുടങ്ങി. ദൈവശ്വാസിയരായ പ്രവാചകന്മാരാൽ മുന്നറിയിച്ചതനുസരിച്ചാണ് യേശു വരുന്നതും സംസാരിക്കുന്നതും. ജനങ്ങൾ അവന്റെ ഉപദേശം അനുസരിക്കണമെന്നു ദൈവം മോശെയിൽ കൂടെ അറിയിച്ചിരുന്നു. പക്ഷെ യേശുക്രിസ്തു വന്നപ്പോഴുണ്ടായിരുന്ന യെഹൂദന്മാർ സത്യത്തെ പരിശോധിക്കാതെ മുൻവിധിയോടെ അവരുടെ കാഴ്ച്ചപ്പാടനുസരിച്ച് യേശുവിനെ വിലയിരുത്തിയതുകൊണ്ട് അവർ അവന്റെ ഉപദേശത്തെ തള്ളിക്കളഞ്ഞു.

അതുകൊണ്ടു അന്നത്തെ റോമാഭരണവും യെഹൂദമതവും തങ്ങളുടെ അധികാരം ഉപയോഗിച്ച് യേശുവിനെ കൊല്ലിച്ചു. ക്രൂശിൽ തറെച്ചു അതിദാരുണമായിത്തന്നെ അതു ചെയ്തു. അതോടെ ദൈവികസത്യത്തിനു വിരാമമാകും എന്നു വിചാരിച്ച രണ്ടു കൂട്ടർക്കും തെറ്റിപ്പോയി. യേശു ഉയിർത്തെഴുന്നേറ്റപ്പോൾ സത്യത്തിനു വീണ്ടും ഉയിർപ്പു ലഭിച്ചു. അവർക്കു സത്യത്തെ അമർച്ച ചെയ്യുവാനായില്ല.

യേശു സ്വർഗാരോഹണം ചെയ്തശേഷം ലോകപ്രകാരം വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത അപ്പൊസ്തലന്മാർ അതി ധൈര്യത്തോടെ സത്യത്തിനു സാക്ഷി നില്ക്കുവാൻ തുടങ്ങി. ആദ്യം ഭയപ്പെട്ടിരുന്നവർ ഇപ്പോൾ മതത്തെയും ഭരണകൂടത്തെയും ഭയപ്പെടാതെ പ്രസംഗിക്കുവാൻ തുടങ്ങി. അവർ മനുഷ്യരിൽനിന്നുള്ള മാനത്തേക്കാൾ ദൈവത്താലുള്ള മാനത്തെ അധികം സ്നേഹിച്ചു. അതുകൊണ്ട് അവരുടെ വായടയ്ക്കുവാൻ ഭീഷണി ഉയർത്തി നോക്കി, തടവിലാക്കി അവരെ ഒതുക്കുവാൻ നോക്കി. പക്ഷെ കർത്താവ് അവരെ അത്ഭുതകരമായി വിടുവിച്ചു അവരെ ഉത്തേജിപ്പിച്ചു. അപ്പൊസ്തലന്മാർ സത്യവിശ്വാസത്തിനുവേണ്ടി പോരാടി നിന്നു. ചിലർ രക്തസാക്ഷികളായി തീർന്നു. അതേ രീതിയിലല്ലെങ്കിലും സഭയിലുള്ള അംഗങ്ങളിലോ ഉപദേഷ്ടാക്കന്മാരിലോ പിശാച് കടന്നുകൂടി ഭിന്നിപ്പുണ്ടാക്കുന്നുണ്ട്. സഭയിലെ അംഗങ്ങൾ ഏകാഭിപ്രായത്തിലും ഏകമനസിലും യോജിച്ചിരിക്കുവാനാണ് ദൈവശ്വാസിയനായ അപ്പൊസ്തലൻ പ്രബോധിപ്പിച്ചിരിക്കുന്നത്. സഭയിൽ വഴക്കുണ്ടാകുന്നതു കേവലം പോരായ്മ അല്ലയോ? അന്യോന്യം കീഴ്പ്പെടുവാൻ മനസില്ലാത്തതുകൊണ്ടാണ് പരസ്പരം മൽസരിക്കുന്നത്. അതു ക്രിസ്തീയ സമീപനമല്ല എന്ന് എല്ലാവരും ഓർക്കണം.

ഓരോ ക്രിസ്ത്യാനിയും മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണുവാനും അന്യോന്യം കീഴ്പ്പെട്ടിരിക്കുവാനുമാണ് ദൈവവചനം നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ക്രിസ്തുവിനെ സ്നേഹിക്കുന്നവർ അന്യോന്യം സ്നേഹിക്കയും ദൈവവചനപ്രകാരം ജീവിക്കയും ചെയ്യും. സഭാംഗങ്ങളെല്ലാവരും ആത്മിയഫലം പുറപ്പെടുവിക്കുവാൻ ദൈവം സഹായിക്കട്ടെ.

✶

# സഭ ആരംഭിച്ചത് എപ്പോൾ?

## J.C. ചോട്ട്

അനേക സഭകളും അതിനെല്ലാം സ്ഥാപനവും ആരംഭ സമയവും ഉണ്ട്. തങ്ങളുടെ സഭയാണ് ഏറ്റവും പുരാതനമായതെന്നും അതു പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ചതാണെന്നും ചിലർ പൊങ്ങച്ചം പറയാറുണ്ട്. വേറെ ചിലർ, അവരുടെ സഭ തുടങ്ങിയിട്ട് അധികം കാലമായിട്ടില്ല എന്നു സമ്മതിക്കാറുണ്ട്. എന്നാൽ ഒരു സഭ എപ്പോൾ ആരംഭിച്ചു എന്നതിനു വല്ല പ്രത്യേകതയുമുണ്ടോ? കർത്താവിന്റെ സഭയെ കുറിച്ചു പരിഗണിക്കാത്തവർക്കും കർത്താവിന്റേതല്ലാത്ത സഭയിൽ നിലനില്ക്കാൻ ആഗ്രഹിക്കുന്നവർക്കും ഇതിൽ വലിയ വ്യത്യാസം കാണാൻ കഴിയുകയില്ല. യേശുക്രിസ്തു പണിതതായ സഭയിൽ അംഗത്വം വേണമെന്ന് ആഗ്രഹിക്കുന്ന ഒരാൾ അതു തിരിച്ചറിയാൻ കണ്ടുപിടിക്കുന്ന ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ ഒന്നാണ് അതു എപ്പോൾ ആരംഭിച്ചു എന്നറിയുന്നത്. ആ ഒരു സമയം കണ്ടെത്താൻ കഴിഞ്ഞാൽ മറ്റു സമയങ്ങളിൽ ആരംഭിച്ചവയെ വേർതിരിച്ച് കാണാൻ കഴിയും. കർത്താവിന്റെ സഭ ആരംഭിച്ചത് എപ്പോഴാണെന്നു അറിയാൻ കഴിയുമോ? കഴിയും എന്നതാണ് ഉത്തരം. കാരണം ബൈബിളിൽ അതു വെളിപ്പെടുത്തിയിട്ടുണ്ട്. മുൻകൂട്ടി അയച്ചതനുസരിച്ചായിരുന്നു അതിന്റെ സ്ഥാപനം. അതിനുശേഷം ആരംഭിച്ചതായ സഭകൾ ഒന്നും കർത്താവിന്റേതല്ല എന്നും അവയിൽ അംഗങ്ങളാകേണ്ടതില്ല എന്നും നമുക്ക് ബോധ്യമാകുന്നതു ഈ സത്യം മനസ്സിലാകുമ്പോഴാണ്.

ഈ ഭൂമിയിലായിരുന്നപ്പോൾ യേശു, തന്റെ സഭ പണിയുമെന്നു വാഗ്ദാനം ചെയ്തിരുന്നു. അതിന്റെ അർത്ഥം അപ്പോൾ വരെ സഭയുണ്ടായിരുന്നില്ല എന്നതാണ്. അതിനുശേഷം അവൻ പറഞ്ഞത്: മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നാണ് (മത്തായി 16:28). ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന രാജ്യമാണ് സഭയെന്നു മറ്റു വാക്യങ്ങൾ പരിശോധിച്ചാൽ വ്യക്തമാകും. ദൈവരാജ്യമാകുന്ന സഭയുടെ

ആരംഭം അന്നു ജീവനോടെ ഇരിക്കുന്നവരുടെ കാലയളവിൽ തന്നെ വരേണം. കാരണം അതാണ് യേശു വാഗ്ദാനം ചെയ്തതു (മർക്കൊസ് 9:1). അതു ശക്തിയോടെ വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയാണ് അപ്പൊസ്തലന്മാർക്കു വരുവാനിരുന്നത്. കുറച്ചുകൂടെ കഴിഞ്ഞ് അതിന്റെ വിശദാംശങ്ങൾ നമുക്ക് പരിശോധിക്കാം. ദൈവത്തിന്റെ അരുളപ്പാടനുസരിച്ചു സ്ഥാപിതമായതാണ് കർത്താവിന്റെ സഭ എന്നകാര്യം നാം വിസ്മരിക്കരുത്.

ലൂക്കൊസിന്റെ സുവിശേഷം ഇരുപത്തിനാലാം അദ്ധ്യായം വായിച്ചാൽ, യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കു ശേഷം അവൻ ശിഷ്യന്മാരോടു കല്പിച്ചതു ഉയരത്തിൽ നിന്നു ശക്തി ലഭിക്കുന്നതുവരെ നഗരത്തിൽ പാർപ്പിൻ എന്നായിരുന്നു (ലൂക്കൊസ് 24:49). യേശു പിതാവിന്റെ അടുക്കലേക്കു സ്വർഗ്ഗാരോഹണം ചെയ്തു പോകുന്നതിനു മുൻപ് അപ്പൊസ്തലന്മാരോടു കല്പിച്ചതു: യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നായിരുന്നു (പ്രവൃത്തി 1:5). എന്നാൽ പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അവർ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും കർത്താവിന്റെ സാക്ഷികൾ ആയി തീരുകയും ചെയ്തു.

അപ്പൊസ്തലപ്രവർത്തി രണ്ടാം അദ്ധ്യായം ആദ്യത്തെ ചില വാക്യങ്ങൾ നോക്കിയാൽ മുകളിൽ പറഞ്ഞ വാഗ്ദാന നിറവേറൽ നടന്നതായി മനസ്സിലാക്കാം. യേശുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു പെരുനാൾ ആഘോഷിക്കുവാൻ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരിക്കയായിരുന്നു. അന്നു ആകാശത്തിൻ കീഴുള്ള യെഹൂദന്മാരായ സ്ത്രീ പുരുഷന്മാർ അവിടെ വന്നിരുന്നു. ഈ സമയത്തായിരുന്നു അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിച്ചത്. ആ ശക്തിയാൽ അവർ അവരുടെ ഭാഷകളിൽ ജനത്തോടു പ്രസംഗിക്കാൻ തുടങ്ങി. യേശുക്രിസ്തുവിനെയായിരുന്നു അവർ പ്രസംഗിച്ചത്. പ്രവചനങ്ങൾ എങ്ങനെ നിറവേറി എന്നതു അവർ തെളിയിച്ചുകൊടു

ത്തു. ഇതുകേട്ടു അസംഖ്യം പേർ വിശ്വസിച്ചു. തൽഫലമായി അവർ എന്താണ് ചെയ്യേണ്ടതെന്നു അപ്പൊസ്തലന്മാരോടു ചോദിച്ചു. അതിന്നു അവർ ജനത്തോടു മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനമേല്പാൻ ആവശ്യപ്പെട്ടു. അവരുടെ വാക്കുകൾ സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനമേറ്റു. ആ ദിവസം മൂവായിരം പേർ അവരോടു ചേർന്നു. അതായതു രക്ഷയ്ക്കായി ദൈവം കൽപിച്ച കല്പനകൾ അവർ അനുസരിച്ചു എന്നു സാരം. അങ്ങനെ രക്ഷിക്കപ്പെടുന്നവരെ കർത്താവു സഭയോടു ചേർത്തുവരുന്നു. കർത്താവിന്റെ അരുളപ്പാടുകൾ ആണ് പാപ പരിഹാരത്തിനായി നാം അനുസരിക്കേണ്ടതു എന്നു തെളിഞ്ഞു. ക്രിസ്തു തന്റെ ശരീരമാകുന്ന സഭ പണിയുവാൻ മൂന്നു നാൾ എടുത്തു. അവന്റെ രാജ്യം സ്ഥാപിക്കപ്പെട്ടു എന്നതു ഈ സന്ദർഭം വ്യക്തമാക്കുന്നു (പ്രവൃത്തികൾ 2:38, 47).

പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിലെ സംഭവത്തിനുശേഷം സഭ നിലവിൽ വന്നതായും തുടർന്നു നിലനില്ക്കുന്നതായും അപ്പൊസ്തല പ്രവൃത്തികൾ വായിച്ചാൽ ഗ്രഹിക്കാം. പുതിയ നിയമസഭയുടെ സ്വഭാവവും പ്രവർത്തന രീതിയും വിശദമാക്കിയിരിക്കുന്നതു പിന്നീടാണ്. ഇതിൽ നിന്നും നമുക്ക് ഉറപ്പിക്കാവുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ. കർത്താവിന്റെ സഭ ആരംഭിച്ചത് യെരുശലേമിൽ ആയിരുന്നു. അതു അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു വന്നപ്പോഴായിരുന്നു. ദൈവത്തിന്റെ വൻ കാര്യങ്ങളെ അപ്പൊസ്തലന്മാർ പ്രസ്താവിച്ചതു കേട്ടവരുടെ പ്രതികരണം എന്തായിരുന്നു? അവർ കർത്താവിന്റെ കല്പനകൾ അനുസരിക്കുകയാണ് ചെയ്തത്. അന്നു മൂവായിരം പേർ കർത്താവിനെ അനുസരിച്ചു. അന്നു മുതൽ രക്ഷിക്കപ്പെട്ടവരെ കർത്താവു സഭയോടു ചേർത്തുവരുന്നു. ഈ സംഭവം നടന്നതായ കാലയളവ് ഉദ്ദേശം എ.ഡി. 33 ആയിരുന്നു എന്നു കാണാം. കർത്താവ് അരുളിച്ചെയ്ത രീതിയിൽ സ്ഥാപിക്കപ്പെട്ട സഭ ഒന്നു മാത്രമാണ്. അതിന്റെ ആവിർഭാവകാലവും വ്യക്തമാണ്. ഇതിനുശേഷം ആരംഭിച്ച സഭകൾ ഏതു തന്നെയായാലും അതു കർത്താവിന്റേതല്ല എന്നു സാരം. ബൈബിളിലെ സഭയെ തിരിച്ചറിയാൻ ഒരു പ്രയാസവുമില്ല. ധാരാളം അടയാളങ്ങൾ കർത്താവിന്റെ സഭയ്ക്കുണ്ട്.

നിങ്ങൾ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നിട്ടുണ്ടോ? കർത്താവിന്നു ഏക സഭ മാത്രമാണുള്ളത്. കർത്താവിന്റെ സഭ എന്നാൽ നാമധേയ വിഭാഗങ്ങൾ ഒന്നുമല്ല എന്നോർക്കണം. കർത്താവിന്റെ സഭ പണിതതും ആരംഭിച്ചതും കർത്താവു തന്നെ. സഭയ്ക്കു വേണ്ടി മരിച്ചു രക്തം കൊടുത്തു വിലയ്ക്കു വാങ്ങിയതാണ് ആ സഭ. ക്രിസ്തുവിന്റെ പേരാണ് ആ സഭ ധരിച്ചിരിക്കേണ്ടത്. ആ സഭയുടെ രക്ഷിതാവാണ് കർത്താവ്. കർത്താവു വീണ്ടും വരുന്നത് ആ സഭയ്ക്കു വേണ്ടിയാണ്; ആ സഭയാകുന്ന രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കുവാൻ ആണ്.

✱

# ദുരുപദേശത്തെ പറ്റി ആത്മാർത്ഥത?

## മൈക്ക് ബെൻസൺ

ഉപദേശത്തിനു അത്രമാത്രം പ്രാധാന്യമുണ്ടോ? ദൈവത്തോടുള്ള ബന്ധം നാം കാത്തുസൂക്ഷിച്ചാൽ പോരെ? വിശ്വസിക്കുന്നതിനു വലിയ പ്രാമുഖ്യം കൊടുക്കേണ്ടതായിട്ടുണ്ടോ? ഉപദേശ സംബന്ധമായി നാം ഗൗരവമായി എടുക്കണോ എന്നെല്ലാം ചിന്തിക്കുന്നവർ കാണും. ദൈവത്തിന്റെ ഉപദേശത്തിനു വളരെയധികം ഊന്നൽ കൊടുക്കണോ? നമ്മുടെ ജീവിതത്തിൽ ഇതിനുള്ള പ്രസക്തി എന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുന്നതിനു നിരവധി വേദവാക്യങ്ങൾ നമ്മുടെ മനസ്സിൽ തെളിഞ്ഞുവരുന്നുണ്ട്. വളരെ ശ്രദ്ധയോടെ താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വായിച്ചു മനസിലാക്കുക. നാം ചിന്തിക്കുന്നതു പോലെയല്ല ദൈവം ചിന്തിക്കുന്നത്.

### 1. ആത്മാർത്ഥത പ്രാധാന്യം അർഹിക്കുന്നതാണ്

നാം നമ്മുടെ ദൈനന്തിന ജീവിതത്തിൽ പല കാര്യങ്ങൾ ചെയ്യാറുണ്ട്. ആത്മാർത്ഥതക്കുള്ള പ്രാധാന്യം നാം കുറച്ചു കാണരുത്. നാം ചെയ്യുന്നതും പറയുന്നതുമായ കാര്യങ്ങൾ നമുക്കും മറ്റുള്ളവർക്കും അന്വർത്ഥമായിരിക്കണം. ആർക്കും ദോഷം ഉണ്ടാകരുത്

എന്നർത്ഥം. പൗലൊസിന്റെ പ്രാർത്ഥന എന്തെന്നാൽ, "നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകല വിവേകത്തിലും വർദ്ധിച്ചുവന്നിട്ടു നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ച്ചക്കും ആയിട്ടു യേശു ക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു" എന്നായിരുന്നു (ഫിലിപ്പിയർ 1:10). ദൈവത്തെ സ്നേഹിക്കുന്നതും അപ്രകാരം ആയിരിക്കണം. വെറും ഒരു ചടങ്ങിനു വേണ്ടിയാകരുത് നാം ദൈവത്തിനായി ചെയ്യുന്ന കാര്യങ്ങൾ; നമ്മുടെ ഉള്ളിൽ തോന്നി ചെയ്യുന്നതായിരിക്കണം. ആത്മാർത്ഥമായി ജീവിക്കുന്നവരിലും തെറ്റുന്ന സാഹചര്യം ഉണ്ട്. പാപം ആത്മാർത്ഥതയുള്ളവരിലും ഉണ്ടാകാം എന്നർത്ഥം. തർസൊസുകാരനായ ശൗൽ അതിനു ഉദാഹരണമാണ്. നിർമ്മല മനഃസാക്ഷിയോടെ ജീവിച്ച നല്ലൊരു മനുഷ്യനായിരുന്നു അവൻ (പ്രവൃത്തി 23:2). ക്രിസ്ത്യാനികളെ ഉപദ്രവിക്കേണ്ടതു തന്റെ കടമയാണെന്നാണ് അവൻ കരുതിയിരുന്നത് (പ്രവൃത്തി 26:9-11). താൻ ആത്മാർത്ഥമായി ചെയ്തിരുന്ന പലതും തെറ്റായിരുന്നു എന്നു അവൻ പിന്നീടു പഠിച്ചു (1 തിമൊഥെയൊസ് 1:13-15).

വാഹനാപകടത്തിൽ മുറിവുണ്ടായതിനെ തുടർന്നു എന്റെ സ്നേഹിതനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു എന്നു അടുത്ത സമയത്ത് എനിക്ക് ഒരാളിൽ നിന്നു ഒരു സന്ദേശം കിട്ടി. ഈ വിവരത്തെ സംശയിക്കേണ്ടതായിട്ടൊന്നുമില്ല. വിവരം പറഞ്ഞയാളും സംശയിക്കേണ്ട വ്യക്തിയല്ല. തൊട്ടടുത്ത ദിവസം എനിക്കറിയാൻ കഴിഞ്ഞതു, എന്റെ സ്നേഹിതൻ ആശുപത്രിയിലായിരുന്നു എന്നും എന്നാൽ അതു അപകടം നിമിത്തം ആയിരുന്നില്ല; ഒരു രോഗം നിമിത്തമായിരുന്നു എന്നും അറിയാൻ കഴിഞ്ഞു. അനേക മണിക്കൂറോളം ആത്മാർത്ഥതയോടെ എന്റെ സ്നേഹിതനു അപകടം നേരിട്ടു എന്നു തന്നെ ഞാൻ വിശ്വസിച്ചിരുന്നു. പക്ഷെ എനിക്കു തെറ്റുപറ്റിയിരുന്നു. എന്റെ സ്നേഹിതനെ കുറിച്ചു മറ്റൊരാൾക്കു കിട്ടിയ തെറ്റായ അറിവാണ് എന്നെ തെറ്റിദ്ധരിപ്പിച്ചത്. ആത്മാർത്ഥത സൂക്ഷിച്ചില്ലെങ്കിൽ കുഴപ്പമാണ്. ഭേദാഭേദങ്ങളെ വിവേചിപ്പാൻ കഴിഞ്ഞില്ലെങ്കിൽ നാം എന്തും വിശ്വസിച്ചുപോകും. ആത്മാർത്ഥതയുടെ

ആവശ്യകതയും അതിന്റെ ഫലങ്ങളും വലുതാണ്. ആത്മാർത്ഥത നമ്മുടെ രക്ഷെക്കു ആവശ്യമാണ്. ആത്മാർത്ഥത പോരാതാനും. ദൈവത്തോടും അവന്റെ വചനത്തോടും ആത്മാർത്ഥത പുലർത്താതെ ആർക്കും രക്ഷ പ്രാപ്യമല്ല. ദൈവവചനത്തെ മാറ്റി നിർത്തി ഒരാൾക്ക് ആത്മാർത്ഥമായി ജീവിക്കാമെന്നു കരുതിയാൽ അയാൾ തെറ്റിപോയി.

സത്യത്തെ സ്നേഹിക്കുന്നവർ ദൈവത്തെ സ്നേഹിക്കും. സത്യത്തെ വില്ക്കാത്തവനാണ് ആത്മാർത്ഥതയുള്ളവൻ. അതായത് ഈ ലോകത്തുള്ള യാതൊന്നും സത്യത്തിനു പകരമായിട്ടുള്ളതല്ല. യേശുക്രിസ്തു നമുക്കു കാണിച്ചു തന്ന മാതൃക അതാണ്. നിഷ്കളങ്കരും നിർമ്മലരുമായി ജീവിക്കുവാനാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ചിലർ ദൈവവചനത്തോടു നീതി പുലർത്താതെ അവരുടെ സമുദായത്തിന്റെ ആചാരങ്ങളോടു നീതി പുലർത്തിക്കൊണ്ടിരുന്നാൽ അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം സമുദായത്തെ പ്രീതിപ്പെടുത്തുകയാണ്. നാം ദൈവത്തെയാണ് കാണേണ്ടത്. നമ്മെ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമെ കഴികയുള്ളൂ. ദൈവ വചനം ഏതൊരു വ്യക്തിയെയും പ്രകാശിപ്പിക്കുവാനുള്ളതാണ്. എന്നാൽ നമുക്ക് അതിനോടുള്ള മനോഭാവം അനുസരിച്ചായിരിക്കും ഫലവും. ആകയാൽ പ്രിയരേ നിങ്ങൾ ശുദ്ധ മനഃസാക്ഷിയോടെ ദൈവത്തോടു അടുക്കുക.

## 2. ആത്മാർത്ഥതയുടെ പ്രാധാന്യം

ബൈബിളിൽ ഉപദേശത്തെ കുറിച്ചു മുന്നറിയിച്ചിരിക്കുന്നതും തുടർന്നു പറഞ്ഞിരിക്കുന്നതുമായ കാര്യങ്ങൾ ഉന്നതമൂല്യങ്ങൾ ഉള്ളവയാണ്. ഏതൊരു കാര്യത്തിനും സദുപദേശം വളരെ പ്രയോജനം ചെയ്യുമെന്നു സാമാന്യബുദ്ധിയുള്ള ആർക്കും അറിയാം. ഉപദേശത്തെ സൂക്ഷിക്കണമെന്നു നമ്മോടു കല്പിച്ചിരിക്കുന്നു. തെറ്റായ ഉപദേശം കേട്ടു പ്രവർത്തിച്ചാൽ അതിൽനിന്നു ദോഷമുണ്ടാകും (1 തിമൊഥെയൊസ് 4:13). ഉപദേശത്തെ ശ്രദ്ധിക്കണം എന്നും നമ്മെ മുന്നറിയിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാർക്കു യേശുവിൽ നിന്നു ലഭിച്ചതായ ഉപദേശം അവർ ശ്രദ്ധയോടെ സൂക്ഷിച്ചു. അതിനുകോട്ടം തട്ടാതെ അവർ കാത്തു. അവരിൽനിന്നു നമുക്കു കിട്ടിയതായ ഉപ

ദേശമാണ് പുതിയ നിയമത്തിൽ ഉള്ളത്. നമ്മുടെ ഈ കാലയള വിൽ നമ്മുടെ ദൗത്യമാണ് അതു സൂക്ഷിക്കുക എന്നത്. ഉപദേശ ത്തിൽ അദ്ധ്വാനിക്കുന്നവരായിരിക്കണം മൂപ്പന്മാർ (1 തിമൊഥെയൊസ് 5:17). ബൈബിളിലെ വാക്യങ്ങൾ എല്ലാം മനുഷ്യർക്കുവേണ്ടിയാണ് എഴുതിയിരിക്കുന്നത്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്. ഉപദേശത്തിനുവേണ്ടി തന്നിരിക്കുന്നതുമാണ്. പക്ഷെ ആളുകൾ വച നത്തിന്റെ ശരിയായ ഉപയോഗം കണ്ടെത്തിയില്ലെന്നാണ് മനസ്സിലാ ക്കുന്നത്. പിശാച് മനുഷ്യരെ തെറ്റിദ്ധരിപ്പിച്ചിരിക്കയുമാണ്.

## 3. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഉപദേശ കൃത്യത യിൽ നാം ആത്മാർത്ഥരാകണം

യേശുക്രിസ്തുവിന്റെ ശിഷ്യനായിരുന്ന യോഹന്നാൻ എഴുതി യിരിക്കുന്നതു: ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപ ദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനു കുശലം പറകയുമരു ത്. അവനു കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തിക്കു കൂട്ടാ ളിയല്ലോ (2 യോഹന്നാൻ 9-11).

✶

സ്ത്രീകൾക്കു വേണ്ടി

# രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?

## ബെറ്റി ബർട്ടൻ ചോട്ട്

"പിന്നെ അവൻ അവരോടു: ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാ ത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു പറഞ്ഞു" (മർക്കൊസ് 16:15-16).

വീട്ടിൽ വൈകുന്നേരം എല്ലാവരും ഒരുമിച്ചു കൂടിയപ്പോൾ ആന്റണി ഒരു ക്രിസ്ത്യാനിയായി തീരുന്നതിനെ കുറിച്ചു പറഞ്ഞ

കാര്യം പീറ്റർ അവനെ ഓർപ്പിച്ചു. അവർ ഒരുമിച്ച് വചന പഠനത്തിൽ ഏർപ്പെട്ടപ്പോഴാണ് അതു ചെയ്തതു. പക്ഷെ നീ എല്ലാം മനസ്സിലാക്കിയോ എന്നു ചോദിച്ചു. നീ ചെയ്യുന്നതു എന്താണെന്നും എന്തു കൊണ്ടാണെന്നും ഗ്രഹിച്ചോ എന്നു ചോദിച്ചു.

പത്രൊസും ശേഷം അപ്പൊസ്തലന്മാരും തങ്ങളുടെ ആദ്യത്തെ പ്രസംഗം നടത്തിയതും അങ്ങനെ കർത്താവിന്റെ സഭ ഉടലെടുത്തതും ഓർമ്മയുണ്ടോ? ഇല്ലെങ്കിൽ നമുക്ക് അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായം 22 മുതലുള്ള വാക്യങ്ങൾ വായിക്കാം എന്നു പറഞ്ഞു.

ആന്റണി ആ ഭാഗം എടുത്തു ഇപ്രകാരം വായിച്ചു. "യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടു കൊൾവിൻ. നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസ്രായനായ യേശുവിനെ ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ ഏല്പിച്ചു കൊന്നു. ദൈവമോ മരണ പാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു. മരണം അവനെ പിടിച്ചുവെക്കുന്നതു അസാദ്ധ്യമായിരുന്നു."

ആകയാൽ ആരിൽ വിശ്വസിക്കണമെന്നാണ് പീറ്റർ പഠിപ്പിച്ചത്? പപ്പ ആന്റണിയോടു ചോദിച്ചു. "മരണത്തിനു ഏല്പിച്ചു കൊടുത്തു എങ്കിലും മരണത്തിനു അവനെ പിടിച്ചുവെക്കാൻ കഴിയാതിരുന്ന യേശുവിൽ വിശ്വസിക്കണം എന്നു ആന്റണി ഉത്തരം പറഞ്ഞു.

പിന്നീട് മുപ്പത്തിയാറാം വാക്യം ശ്രദ്ധിച്ചു വായിക്കാൻ പപ്പ ആവശ്യപ്പെട്ടു. "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ ദൈവം ക്രിസ്തുവും കർത്താവുമാക്കിവെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ."

അവൻ അത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ എന്തു സംഭവിച്ചു എന്നറിയാനായി തൊട്ടടുത്ത വാക്യം വായിക്കുക. ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. നിങ്ങൾ ആ കൂട്ടത്തിൽ ഉൾപ്പെ

ട്ടിരുന്നെങ്കിൽ നിങ്ങളും ഈ വിധത്തിൽ ചോദിക്കുമായിരുന്നോ? ഉവ്വ് എന്നു ആന്റണി പറഞ്ഞു. അവർ തെറ്റുകാരാണെന്നു ബോദ്ധ്യപ്പെട്ടിട്ടാണ് തങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചത്. അതിനു പത്രൊസ് കൊടുത്ത മറുപടി എന്തെന്ന് അറിയണ്ടേ? നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും.

എന്താണ് മാനസാന്തരം? ജെയിംസിനോടു പപ്പ ചോദിച്ചു. നിർത്തി മറ്റൊരു ദിശയിൽ സഞ്ചരിക്കുക എന്നതാണ്, ജയിംസ് മറുപടി പറഞ്ഞു. എന്താണ് നിർത്തേണ്ടത്? വീണ്ടും പപ്പ ചോദിച്ചു. അതിനു അവന്റെ സഹോദരി അസിമയാണ് ഉത്തരം പറഞ്ഞത്. തെറ്റു ചെയ്യുന്നതു നിർത്തി ദൈവ വഴിയിൽ സഞ്ചരിക്കുന്നതാണ് മാനസാന്തരം. അതു ശരിയാണെന്നു പപ്പ സമ്മതിച്ചു. ആളുകൾക്കു ചെയ്യാൻ ചിലപ്പോൾ പ്രയാസം ഉള്ളതും അതു തന്നെയാണ്, സ്വന്തം അഭിലാഷങ്ങൾ അനുസരിച്ച് ജീവിക്കാനാണ് അധികവും ആളുകൾ ശ്രമിക്കുന്നത്. അതുകൊണ്ടു അവർ കുഴപ്പത്തിൽ ചെന്നു ചാടുന്നു. ദൈവഹിത പ്രകാരം ജീവിക്കുകയാണെങ്കിൽ കുഴപ്പങ്ങൾ ഒഴിവാക്കാം. പപ്പ ഉറച്ച സ്വരത്തിൽ വ്യക്തമാക്കി.

നന്മയായിട്ടുള്ളത് ഒന്നും നിർത്തുവാൻ ദൈവം പറയുന്നില്ലല്ലോ തിന്മയായുള്ളതു മാത്രമല്ലേ നിർത്തുവാൻ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ടു നാം ദൈവത്തെ പിൻപറ്റുമ്പോൾ ദൈവം നമുക്കു ഏറ്റവും നല്ലതു തന്നെ തരും. പത്രൊസ് പിന്നെ അവരോടു എന്തു പറഞ്ഞു? ആന്റണിക്കു അറിയാൻ ധൃതിയായി.

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവാൻ കൂടെ പറഞ്ഞിട്ടുണ്ട്. എന്താണ് അതിന്റെ അർത്ഥം? വീണ്ടും ആന്റണി ചോദിച്ചു.

ഇന്നലെ നമ്മൾ ശൗലിന്റെ പരിവർത്തനം പഠിച്ചത് ആർക്കെങ്കിലും ഓർമ്മയുണ്ടോ എന്ന് പപ്പ ചോദിച്ചു. ഉണ്ട് എന്നു അസിമ പറഞ്ഞു. അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോടു: ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു. വെള്ളമാകുന്ന കല്ലറയിൽ പാപശരീരത്തെ അടക്കം ചെയ്താൽ മാത്രമെ യേശുക്രിസ്തു

വിനു നമ്മെ ശുദ്ധീകരിപ്പാൻ കഴിയൂ എന്നതാണ് കാരണം. അങ്ങനെ ചെയ്യുമ്പോൾ കർത്താവ് നമ്മെ രക്ഷിക്കയും തന്റെ ആത്മാവിനെ ദാനമായി തരികയും ചെയ്യും. അതിനുശേഷം കർത്താവ് രക്ഷിക്കപ്പെടുന്നവരെ തന്റെ സഭയോടു ചേർക്കും എന്നും പറഞ്ഞു.

ആന്റണിക്കു ഇതു കേട്ടപ്പോൾ സ്നാനം ഏല്ക്കുവാൻ അതിയായ ആഗ്രഹം ജനിച്ചു. തനിക്കും ദൈവത്തിന്റെ ഭവനമാകുന്ന സഭയിൽ അംഗമായി തീരണം എന്നു മനസ്സിൽ ഉറപ്പിച്ചു.

പല തരത്തിലുള്ള സ്നാനത്തെ കുറിച്ചു തന്റെ സ്നേഹിതൻ പറഞ്ഞു കേട്ടതായി ആന്റണി സൂചിപ്പിച്ചു. ശരിയായ സ്നാനം ഏറ്റില്ലെങ്കിൽ ചെയ്യുന്നതുകൊണ്ടു ഫലമില്ലല്ലൊ. ശരിയാണ് പീറ്റർ സമ്മതിച്ചു. തുടർന്നു ദൈവം അധികാരപ്പെടുത്തിയ സ്നാനം ഏതെന്നു തെളിയിച്ചു കൊടുത്തു.

വെള്ളം തളിച്ചും കോരി ഒഴിച്ചും നാമമാത്രമായി സ്നാനം കൊടുക്കുന്നവരുണ്ട്. അവയൊന്നും തിരുവെഴുത്തിൽ പറയുന്ന പ്രകാരമല്ല. സ്നാനം എന്ന വാക്കിന്റെ അർത്ഥം തന്നെ മുങ്ങൽ എന്നാണ്. വെള്ളത്തിൽ മുങ്ങൽ ആയിരിക്കണം സ്നാനം. അതാണ് അപ്പൊസ്തലനായ പൗലൊസ് സ്നാനം അടക്കമായി പറഞ്ഞിരിക്കുന്നതു (കൊലൊസ്യർ 2:12). അതു ആന്റണിക്കു ബോധ്യമായി. അപ്പോൾ തെറ്റായ രീതിയിൽ സ്നാനമേറ്റവർക്കു എന്തു സംഭവിക്കും? അസിമയുടെ ഉത്ക്കണ്ഠ അതായിരുന്നു. അവർക്കു ദൈവത്താലുള്ള രക്ഷ കിട്ടുകയില്ല. പീറ്റർ ഉത്തരം നല്കി.

✶

# യോഹന്നാൻ 3:5–ബൈബിൾ വ്യാഖ്യാനം

## ദില്ലാർഡ് തർമാൻ

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പുതിയ ജനനത്തെ പ്രതിപാദിക്കുന്ന യോഹന്നാൻ മൂന്നാം അദ്ധ്യായത്തിലെ ചില വേദഭാഗങ്ങൾ അധികമായി വിവാദ വിഷയമായി തീർന്നിട്ടുണ്ട്. സെമിനാരികളിലും മറ്റു ചില വേദപഠന സ്ഥാപനങ്ങളിലും ഡ്രൈ ക്ലീനിങ്

കോഴ്സ് പോലെയാണ് നടക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ച ഈ ഉപദേശം പഠിപ്പിച്ചിട്ടില്ലാത്ത മട്ടിൽ നിരസിച്ചിരിക്കയാണ് അവർ. നമ്മുടെ കർത്താവിന്റെ വ്യക്തമായ, തുറന്ന പ്രസ്താവനയെ നിഷേധിക്കുന്നവരുടെ മനസു തലതിരിഞ്ഞു പോയിരിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്താണിതിനു കാരണം? ആ വേദ ഭാഗം ഇവർ തെറ്റിദ്ധരിച്ചതുകൊണ്ടാണോ? അതോ അവർ അതിനു പ്രാധാന്യം കല്പിക്കാത്തതാണോ? അങ്ങനെയാണെങ്കിൽ മനഃ പൂർവ്വം അവഗണിക്കയായിരിക്കുമല്ലോ.

യേശു നിക്കൊദേമോസിനോടു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു (യോഹന്നാൻ 3:5). ഇതു നമുക്കു മനസിലായോ ഇല്ലയോ എന്നതല്ല പ്രശ്നം. അവൻ പറഞ്ഞതു സമ്മതിക്കുവാനുള്ള മനോഭാവമാണ് വേണ്ടത്. യേശു എന്ത് അർത്ഥമാക്കിയോ അതാണ് പ്രസ്താവിച്ചത്. നാം ചോദ്യം ചെയ്യാതെ അവന്റെ അധികാരത്തെ മാനിക്കണം. അങ്ങനെയായാൽ സത്യവചനങ്ങൾ മനസ്സിലാക്കുവാൻ നമുക്കു വലിയ വിഷമം ഒന്നും ഉണ്ടാവുകയില്ല. വളരെ ലളിതമായ പദപ്രയോഗമാണ് യേശു ഈ ഭാഗത്തു നടത്തിയിരിക്കുന്നത്. എല്ലാവർക്കും മനസിലാകുന്ന രണ്ടു മൂലകങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആത്മാവ് ആരാണെന്നും വെള്ളം എന്താണെന്നും അറിയാത്തവർ അധികവും ഉണ്ടെന്നു തോന്നുന്നില്ല. വലിയ വേദജ്ഞാനമോ പാണ്ഡിത്യമോ കൂടാതെ ആർക്കും മനസ്സിലാകുന്ന ഒന്നാണ് യേശു ഇതിൽ സ്നാനത്തെയാണ് ഉദ്ദേശിക്കുന്നത് എന്ന്. അതുകൊണ്ട് ഈ വേദഭാഗം ആരെങ്കിലും തെറ്റിദ്ധരിക്കാനിടയായാൽ അതിനു കാരണം മാനുഷിക ഉപദേശങ്ങളും വിശ്വാസ പ്രമാണങ്ങളും ആയിരിക്കും.

## പരിശുദ്ധാത്മാവ് വചനത്തിലൂടെ പരിവർത്തിക്കുന്നു

പരിശുദ്ധാത്മാവിനാലും പരിശുദ്ധാത്മാവു മുഖാന്തിരവുമാണ് ദൈവം തന്റെ വചനം തന്നിട്ടുള്ളത് എന്ന വസ്തുത നാം തിരിച്ചറിയണം. പത്രൊസ് ഇതിനെ വ്യക്തമാക്കുന്നത് ഇങ്ങനെയാണ്. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ച

തന്ത്രേ (2 പത്രൊസ് 1:21). പഴയനിയമ പുസ്തകങ്ങളും പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ടവയാണ് എന്ന കാര്യം നാം മറക്കരുത്. യേശുവിനെ കുറിച്ചു പ്രസ്താവിക്കുമ്പോൾ പറയുന്നതു: ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നത്, ദൈവശ്വാസീയമായ ദൈവത്തിന്റെ വചനം അവനിൽ നിറഞ്ഞിരുന്നു. കർത്താവ് ചെയ്ത അത്ഭുതങ്ങൾ ദൈവാത്മാവിനാൽ ചെയ്തു. അവൻ സംസാരിച്ചതും പഠിപ്പിച്ചതും പരിശുദ്ധാത്മാവിനാൽ ആയിരുന്നു.

ദൈവവചനവും പരിശുദ്ധാത്മാവും തമ്മിലുള്ള ഘടനാ സാദൃശ്യം യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു (യോഹന്നാൻ 6:63). ആത്മാവിന്റെ നടത്തിപ്പ് അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്യുന്നുണ്ട്. പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാൻ 14:26). അപ്പൊസ്തലന്മാർ എല്ലാവരും യെരുശലേമിൽ ഒരുമിച്ചു കൂടിയിരുന്നപ്പോൾ എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തികൾ 2:4). ലൂക്കൊസ് എഴുതിയ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾവരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലൊ (പ്രവൃത്തി 1:1-2).

## വചനത്തോടു ബന്ധപ്പെടുവാൻ ജലം ആവശ്യപ്പെട്ടിരിക്കുന്നു

ഈ പുതിയ ജനനത്തിൽ മറ്റൊരു മൂലകം ഉണ്ട്. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ നിനക്കു സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്നാണ് യേശു പറഞ്ഞത്. വിശ്വാസവും അനുസരണവും പുലർത്തേണ്ട വചനത്തോടുകൂടെ വെള്ളവും ആവശ്യമായി വന്നിരിക്കുന്നു. ഒരാൾ യേശുക്രിസ്തുവിൽ, അവന്റെ സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുകയും വെള്ളത്തിൽ സ്നാനമാകുന്ന കല്പന അനുസരിക്കയും വേണം. വിശ്വസിക്കയും സ്നാനം

ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്നതാണ് കർത്താവ് വാഗ്ദാനം ചെയ്തത് (മർക്കൊസ് 16:16). ഫിലിപ്പൊസ് ശമര്യയിൽ ചെന്നു ക്രിസ്തുവിനെയും ദൈവരാജ്യത്തെയും പ്രസംഗിച്ചതുകേട്ട ശമര്യക്കാർ വിശ്വസിച്ചു. അതിനാൽ സ്ത്രീകളും പുരുഷന്മാരും സ്നാനം ഏറ്റു (പ്രവൃത്തി 8:5, 12). വചനത്തെ കൈക്കൊണ്ട എല്ലാവരും വെള്ളത്തിൽ, പാപമോചന സ്നാനം ഏല്ക്കുന്നുണ്ട്.

## വെള്ളവും വചനവും ബന്ധപ്പെടുമ്പോൾ

കർത്താവിന്റെ ശരീരമാകുന്ന മഹത്വകരമായ അവന്റെ സഭയിലാകുന്നു ശുദ്ധീകരണം(എഫെസ്യർ 5:25-27). ദൈവരാജ്യമെന്നതു ദൈവ ഭവനമാകുന്നു (എഫെസ്യർ 3:14-15). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർ അവനെ ധരിക്കയാണ് ചെയ്യുന്നത്. അവർ പുതിയ സൃഷ്ടികളായി തീരുന്നു. ദൈവം പിതാവും നാം രാജ്യത്തിലെ പ്രജകളും, അവന്റെ ഭവനത്തിലെ മക്കളും ആകുന്നു. അതുകൊണ്ടു ദൈവരാജ്യത്തിലെ സ്വർഗ്ഗീയ പൗരന്മാരും അവകാശികളും ആകുന്നു. കർത്താവിന്റെ സഭയിൽ ആയി തീരുന്നവർ ഒരു സങ്കേത പട്ടണത്തിലും അഭയ കേന്ദ്രത്തിലും ആയി മാറുന്നു. ആയിരക്കണക്കിനു ആളുകൾ ദൈവവചനം കൈക്കൊണ്ടതു വിശ്വാസത്താലും വെള്ളത്തിലുള്ള സ്നാനത്താലും ആയിരുന്നു.

ഇന്നും പുതിയ നിയമ വ്യവസ്ഥ പ്രമാണിക്കുന്നവർ വചനത്തോടു ബന്ധം പുലർത്തുന്ന തിരുവെഴുത്തിൽ പറയുന്ന രീതിയിലുള്ള സ്നാനം സ്വീകരിക്കും. അങ്ങനെ ചെയ്യുന്നവരെ കർത്താവു വീണ്ടെടുത്തു അവന്റെ അവകാശികളാക്കി മാറ്റും. നിത്യജീവൻ, സ്വർഗ്ഗീയമായ വാസം അവർക്കാണ്.

✶

# വിധിക്കൽ ദൈവത്തിനു വിടുക

## M.F. ബെയിലി

സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ എന്നു തീത്തൊസിന്റെ ലേഖനത്തിൽ നാം വായിക്കുന്നു (തീത്തൊസ് 2:11).

അനുസരിക്കാതിരിക്കുന്നവരിൽ ദൈവകൃപ ലഭിക്കുമെന്ന് ബൈബിളിൽ ഒരു ഭാഗത്തും പറയുന്നില്ല. മുൻപ് അറിയായ്മയുടെ കാലത്തിൽ ദൈവം കരുണ കാണിച്ചിരുന്നെങ്കിൽ ഇപ്പോൾ അങ്ങനെയല്ല (പ്രവൃത്തി 17:30-31). ക്രിസ്തുവിന് പുറത്തു കൃപയില്ല. ക്രിസ്തുവിനെ അനുസരിക്കാതിരിക്കുന്നവർക്കു രക്ഷയുമില്ല. ക്രിസ്തുവിനെ കൂടാതെ കൃപയും രക്ഷയും ഉണ്ടെങ്കിൽ ക്രിസ്തു മരിച്ചതു വെറുതെ ആയിരുന്നല്ലോ. എന്നാൽ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്ന് അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവമില്ല; അതുകൊണ്ടു അവർക്ക് കൃപയുമില്ല (2 തിമൊഥെയൊസ് 2:10; എബ്രായർ 5:9).

## ക്രിയാത്മകമായും നിഷേധാത്മകമായും ദൈവം ന്യായം വിധിക്കും

മത്തായി 7:21-23 ദയവായി വായിച്ചാൽ ഈ രണ്ടു വിധത്തിലുള്ള വിധിയെയും അവിടെ കണ്ടെത്താം. ദൈവേഷ്ടത്തെ മാനിക്കുന്നവർ ഒരു ഭാഗത്തും ദൈവേഷ്ടത്തെ മാനിക്കാത്തവർ മറുഭാഗത്തും ആണുള്ളത്. "എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും അന്നു ഞാൻ അവരോടു: അധർമ്മം പ്രവർത്തിക്കുന്നവരേ, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും." ദൈവനാമം വൃഥാ എടുത്തിരിക്കുന്നവരെയും പിതാവിന്റെ ഇഷ്ടത്തെ തള്ളിക്കളയുന്നവരെയും ദൈവം വിധിച്ചു കഴിഞ്ഞിരിക്കുന്നു.

ഒരാൾ മരിച്ചു കഴിഞ്ഞാൽ ആത്മാവ് എവിടെ എത്തിച്ചേരുമെന്നു വിധിക്കാൻ ദൈവത്തിനേ കഴിയൂ എന്നു പറയുന്നവർ ഉണ്ട്, എന്നാൽ ദൈവത്തിന്റെ ആ അറിവു വെളിപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന സത്യം നമുക്കു വിശ്വസിക്കാം. ആത്മാവ് സ്വർഗ്ഗത്തിൽ പോകുവാൻ ഒരാൾ ജീവനോടിരിക്കുമ്പോൾ എന്തു ചെയ്യണമെന്നു ദൈവം പറഞ്ഞിട്ടുണ്ട്. അതനുസരിച്ചാൽ

സ്വർഗ്ഗത്തിൽ പോകും എന്നതു സുനിശ്ചിതമാണ്. അതനുസരിച്ചില്ലെങ്കിൽ നരകത്തിൽ പോകും എന്നതു തീർച്ചയാണ്. കാരണം അതു ദൈവം മുന്നറിയിച്ചിരിക്കുന്ന വസ്തുതയാണ്.

സ്തെഫാനൊസിനെ കല്ലെറിഞ്ഞ ആളുകൾ അവരുടെ പ്രവൃത്തികൾ നിമിത്തം പാപികളാണെന്നും അവരുടെ പാപത്തിനു അവർക്കു ശിക്ഷയുണ്ടെന്നും സ്തെഫാനൊസ് അറിഞ്ഞതുകൊണ്ടാണ് അവരോടു ക്ഷമിക്കണമെന്നു ദൈവത്തോടു പ്രാർത്ഥിച്ചത് (പ്രവൃത്തി 7:60). പൗലൊസ്, ഹൂമനെയൊസിനെയും അലക്സെന്തരിനെയും സാത്താനെ ഏല്പിക്കയുണ്ടായി (1 തിമൊഥെയൊസ് 1:20). അലക്സെന്തർ പൗലൊസിനു വളരെ ദോഷം ചെയ്തു എന്നും കർത്താവു അതിനു പകരം ചെയ്യും എന്നും പൗലൊസ് പറഞ്ഞു (2 തിമൊഥെയൊസ് 4; 14). ദൈവ വചനത്തെ തള്ളിക്കളഞ്ഞ യെഹൂദന്മാരെ പൗലൊസും ബർന്നബാസും വിധിക്കയുണ്ടായി (പ്രവൃത്തി 13:44-46). ഈ വേദഭാഗങ്ങളിൽ നിന്നും മറ്റു വേദഭാഗങ്ങളിൽ നിന്നും നിത്യമായ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നവർ എങ്ങനെയുള്ളവർ എന്നു തെളിവുകൾ വെച്ചുകൊണ്ടു പറയാവുന്നതാണ്. കർത്താവിന്റെ കല്പനകൾ അനുസരിച്ച് മരണ പര്യന്തം വിശ്വസ്തരായി ജീവിച്ചാൽ ജീവ കിരീടം ഉറപ്പാണ് (വെളിപ്പാട് 2:10).

## അജ്ഞത പരമാനന്ദമാണ് - ഏതു വരെ?

അജ്ഞത കൊണ്ടുണ്ടാകുന്ന നഷ്ടം തിരിച്ചറിയുന്നതുവരെ അതു ആനന്ദകരമാണ്. നമ്മെ അതു പിന്നീട് ദുഃഖിപ്പിക്കും. അറിവില്ലാതെയിരുന്നു അവസാനം ദൈവത്താൽ കരുണ ലഭിക്കുമെങ്കിൽ ലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിക്കുവാൻ യേശു പ്രസ്താവിക്കേണ്ട ആവശ്യമില്ലായിരുന്നു. കർത്താവിനെ ഭയപ്പെടേണം എന്നു അറിഞ്ഞതുകൊണ്ടാണ് അപ്പൊസ്തലന്മാർ മനുഷ്യരെ സമ്മതിപ്പിച്ചത്. ഒരു പട്ടണത്തിൽ വാൾ വരുന്നു എന്ന മുന്നറിയിപ്പുണ്ടായിട്ടും അജ്ഞതയിൽ കഴിഞ്ഞാൽ അവർ ഛേദിക്കപ്പെടും എന്നതു തീർച്ചയാണ്. ഒരാൾ തന്റെ ആയുഷ്ക്കാലം മുഴുവൻ അറിവില്ലാതെ കഴിഞ്ഞാൽ അതിനു ദൈവത്തെ കുറ്റപ്പെടുത്താവുന്നതല്ല (മർക്കൊസ് 16:15-16; പ്രവൃത്തികൾ 2:38; മത്തായി 28:18-20). അറിവില്ലായ്മ പുതിയ നിയമ കാലയളവിൽ ന്യായീകരിക്കാവുന്നതല്ല.

# സഭയുടെ ശരിയായ പേര്?

## ക്ലെം തര്‍മാന്‍

ഇതു വലിയൊരു ചോദ്യം തന്നെയാണ്. ഇതു നമ്മെ നാമധേയ വിഭാഗങ്ങള്‍ ഇല്ലാത്ത ക്രിസ്ത്യാനിത്വത്തിലേക്കാണ് നയിക്കുന്നത്. സഭയ്ക്കു ഒരു പ്രത്യേക പേര്‍ ബൈബിളില്‍ നല്കിയിട്ടില്ല എന്നു അതിസ്പഷ്ടമായി ഞാന്‍ വ്യക്തമാക്കട്ടെ. സഭയെ വേദ പുസ്തകത്തില്‍ പല പദങ്ങളാല്‍ വിളിച്ചിട്ടുള്ളതു വാസ്തവമാണ്. പക്ഷെ അവയൊന്നും പേരല്ല എന്ന കാര്യം നാം മനസ്സിലാക്കണം. ഉദാഹരണമായി പറഞ്ഞാല്‍ ഞാന്‍ ഒരു പ്രാസംഗികനാണ്, എഡിറ്റര്‍ ആണ്, ഉപദേഷ്ടാവാണ്, ഒരു ഭര്‍ത്താവാണ്. എന്നാല്‍ ഈ പറഞ്ഞതൊന്നും എന്റെ പേരല്ല. എന്റെ പേര്‍ ക്ലെം തര്‍മാന്‍ എന്നാണ്. മറ്റു പദങ്ങള്‍ ഞാന്‍ മുകളില്‍ ഉപയോഗിച്ചത് എന്നെ വിവരിക്കുന്നതിനാണ്. പക്ഷെ ആ വിവരണങ്ങള്‍ ഒന്നും എന്റെ പേരല്ല. സഭയെ സംബന്ധിച്ചും ഇതേ തത്വമാണ് നാം എടുക്കേണ്ടത്.

യേശു പറയുകയുണ്ടായി, “ഞാന്‍ എന്റെ സഭയെ പണിയും” എന്ന്. അതിന്റെ അര്‍ത്ഥമോ, സഭ പണിതത് ക്രിസ്തുവാണ്. അവനാണ് അതിന്റെ ഉടമസ്ഥന്‍ എന്നു വിശദമാക്കിയിരിക്കയാണ്. എന്റെ സഭ എന്നതു പേരല്ല. താന്‍ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ച ദൈവത്തിന്റെ സഭ എന്നു പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 20:28). ദൈവത്തിന്റെ സഭ എന്നതും പേരല്ല. അതുപോലെ ആദ്യജാതന്മാരുടെ സഭ എന്നും പരാമര്‍ശിച്ചിട്ടുണ്ട് (എബ്രായര്‍ 12:23). അതും പേരായിട്ടല്ല കൊടുത്തിട്ടുള്ളത്. എന്റെ മാതാപിതാക്കള്‍ എനിക്കു പേരിട്ടു. അതേപോലെ എന്റെ കുടുംബത്തിലെ മറ്റംഗങ്ങള്‍ക്കും പേരിട്ടിട്ടുണ്ട്. അവരുടെ പേര്‍ എനിക്കോ എന്റെ പേര്‍ അവര്‍ക്കോ ബാധകമല്ല. മറ്റുള്ള പേരിനാല്‍ ഞാന്‍ അറിയപ്പെടാനും പാടില്ല. സഭയെ സംബന്ധിച്ച് ദൈവം പേരിടാത്ത സ്ഥിതിക്കു മനുഷ്യര്‍ക്ക് പേരിടുവാന്‍ ദൈവം അധികാരം കൊടുക്കാതിരിക്കുകയും ചെയ്യുമ്പോള്‍ അതു വ്യക്തമാണ്. സഭയെ ദൈവേഷ്ടപ്രകാരം കാണുവാനുള്ള കാഴ്ച്ചപ്പാടാണ് എല്ലാവര്‍ക്കും വേണ്ടത്. വെളിപ്പെടുത്തിയിരിക്കുന്ന വസ്തുതയില്‍ ഒതുങ്ങി നില്ക്കുക. ദൈവത്തിന്റെ പരമോന്നതമായ അധികാരത്തെ നാം മാനിക്കണം എന്നര്‍ത്ഥം.

സഭക്കു ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളത്രയും വിശേഷണ വിശദീകരണങ്ങളാണ്. അതിന്റെ സ്വഭാവത്തെയും വിശേഷിപ്പിച്ചിട്ടുണ്ട്. അതായത് സഭ ആരുടേതാണ്? സഭ എന്നാൽ എന്താണ്? അതിൽ അടങ്ങിയിരിക്കുന്നതെന്താണ് എന്നെല്ലാം ഓരോ പദങ്ങളാൽ വിശേഷിപ്പിച്ചിട്ടുണ്ട്. എന്റെ സഭ എന്ന കർത്താവിന്റെ പ്രസ്താവനയും ദൈവത്തിന്റെ സഭ എന്ന പൗലൊസിന്റെ പ്രസ്താവനയും ഉടമസ്ഥാവകാശത്തെ അല്ലെങ്കിൽ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. സഭയുടെ തല എപ്പോഴും ക്രിസ്തുവാണ്. കൊരിന്തിലുള്ള ദൈവസഭ എന്നും ഗലാത്യ സഭകൾ, തെസലൊനിക്യ സഭ എന്നെല്ലാം പറഞ്ഞിരിക്കുന്നത് ഓരോ പ്രദേശത്തുള്ള സഭകളെ എടുത്തുകാണിക്കുന്നതിനാണ്. അല്ലാതെ ആ പേരുകളിൽ തന്നെ മറ്റെല്ലായിടത്തും അറിയപ്പെടാൻ വേണ്ടിയല്ല. തിരിച്ചറിയുന്നതിനു വേണ്ടിയാണ്. നമ്മുടെ കാലയളവിലും മറ്റേതു കാലയളവിലും ദൈവത്തിന്റെ ഉദ്ദേശത്തെയും ആലോചനയെയും നാം അറിയാതിരിക്കരുത്.

തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള പദങ്ങളാൽ ഏതെങ്കിലും ഒരു സ്ഥലത്തെ ഒരു കൂട്ടം ക്രിസ്ത്യാനികൾ അറിയപ്പെടുന്നുവെങ്കിൽ അത് അവർ ആരാണെന്നും എങ്ങനെയുള്ളവർ ആണെന്നും വ്യക്തമാക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് പുതിയ നിയമ വിശ്വാസികൾ തങ്ങനെ തന്നെ ക്രിസ്തുവിന്റെ സഭ എന്നു വിളിക്കുന്നത്? ദൈവ കല്പന പ്രകാരം വിശ്വസിക്കയും അതനുസരിക്കുകയും അവ്വണ്ണം ദൈവത്തെ ആരാധിക്കയും ചെയ്യുന്നവരെ തിരിച്ചറിയുന്നതിനു വേണ്ടിയാണ്. അപ്പൊസ്തലനായ പൗലൊസ് റോമർക്കു ലേഖനം എഴുതുമ്പോൾ ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു എന്നു പറഞ്ഞിട്ടുണ്ട് (റോമർ 16:16).

✶

# പേരിൽ എന്തിരിക്കുന്നു?

## ഗ്യാരി. സി. ഹാമ്ടൺ

നൂറു കണക്കിനു വ്യത്യസ്ഥമായ സമൂഹങ്ങൾ വിവിധ പേരുകളാൽ നാമധേയ വിഭാഗങ്ങളായി, അനേക നാമങ്ങളാൽ തരം തിരിച്ചിരിക്കയാണ്. ടെലഫോൺ ഡയറക്ടറി നോക്കിയാൽ പോലും

അസംഖ്യം വിഭാഗങ്ങളുടെ പേർ കണ്ടെത്താം. ദൈവസഭ, എപ്പിസ്കോപ്പൽ, ലൂഥറൻ, ബാപ്റ്റിസ്റ്റ്, ബൈബിൾ ചർച്ച്, ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്ബിറ്റേറിയൻ, ശാബത്ത് മിഷൻ, കത്തോലിക്കാ, യാക്കോബാ, യെഹോവാ സാക്ഷികൾ, പെന്തെകൊസ്തു മിഷൻ, ബൈബിൾ ഫെയ്ത്ത് മിഷൻ, ഫുൾ ഗോസ്പൽ ചർച്ച്, മർത്തോമാ ചർച്ച് എന്നു തുടങ്ങി ധാരാളം പേരുകൾ ഇന്നു അറിയപ്പെടുന്നുണ്ട്. ചിലതെല്ലാം ബൈബിളിൽ ഉള്ളതും അധികവും തിരുവെഴുത്തിൽ കാണാത്തതും അത്രെ. ദൈവത്താൽ വിളിക്കപ്പെട്ടവരും അല്ലാത്തവരും എന്ന് ഇതിനെ നമുക്ക് വേർ തിരിക്കാം. നാം സ്വീകരിച്ചിരിക്കുന്ന പേരിനു വല്ല മാഹാത്മ്യവുമുണ്ടോ? മതപരമായി സഭ എന്തു പേരിലാണ് അറിയപ്പെടേണ്ടത്?

## ബൈബിളിൽ പേരുകളുടെ പ്രാധാന്യം

ബൈബിളിൽ കൊടുത്തിരിക്കുന്ന പേരുകൾക്കെല്ലാം വളരെ പ്രാധാന്യം ഉണ്ട്. അബ്രാം എന്ന വാക്കിനു വിശിഷ്ട പിതാവ് എന്നർത്ഥം. പിന്നീട് ദൈവം ആ പേർ മാറ്റി അബ്രഹാം എന്നാക്കി. അർത്ഥമോ ബഹുജാതികളുടെ പിതാവു എന്നത്രെ (ഉല്പത്തി 17:1-8). സാറായി എന്ന വാക്കിനു എന്റെ രാജകുമാരി എന്നർത്ഥം. എന്നാൽ ദൈവം അവളുടെ പേർ സാറാ എന്നാക്കി. അതിന്റെ അർത്ഥം, ബഹുജാതികളുടെ രാജകുമാരി എന്നാണ് (ഉല്പത്തി 17:15-16). വാഗ്ദത്ത സന്തതിയായ ഇസഹാക്ക് ജനിക്കുമ്പോഴാണ് പേരു മാറ്റത്തിന്റെ പ്രസക്തി നാം തിരിച്ചറിയുന്നത്. ഇസഹാക്കിനും അവന്റെ പിൻഗാമികൾക്കും ദൈവം നല്കിയ പുതിയ പേരുകൾ അവർ മുഖാന്തരം ഭൂമിയിലെല്ലാം വ്യാപിച്ചു. ഏശാവിന്റെ സഹോദരൻ യാക്കോബ് എന്ന പേരിനു കുതികാൽ പിടിക്കുന്നവൻ, പകരം അവരോധിക്കപ്പെട്ടവൻ എന്നാണ് സാരം. ദൈവദൂതനോടു മല്ലിട്ടു ജയിച്ച രാത്രിയിൽ അവന്റെ പേർ ദൈവം, ഇസ്രായേൽ എന്നു മാറ്റി. അതിന്റെ അർത്ഥം ദൈവത്തോടു മല്ലിട്ടവൻ എന്നത്രെ (ഉല്പത്തി 32: 22-32). ശീമോൻ എന്ന വാക്കിനു കേൾക്കുന്നു എന്നർത്ഥമായിരുന്നു. യേശു അവന്റെ പേർ, ഒരു ചെറിയ കല്ല് എന്നർത്ഥം വരുന്ന പത്രൊസ് എന്നു മാറ്റി (യോഹന്നാൻ 1:40-42).

ശാഠ്യക്കാരായ ഇസ്രായേൽ ജനത്തോടു ഇടപെടുമ്പോൾ

ദൈവം, ഹോശെയാവിനോടു ദേശത്തിലെ വിഗ്രഹാരാധികളായ മ്ലേഛത പ്രവർത്തിക്കുന്നവരിൽ നിന്നു ഒരു സ്ത്രീയെ ഭാര്യയാക്കി എടുക്കാൻ ആവശ്യപ്പെട്ടു. അവളുടെ രണ്ടാമത്തെ മകൾ വ്യഭിചാരത്തിൽ ഗർഭിണിയായി ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവൾക്കു രൂഹ്മ - കരുണ ലഭിക്കാത്തവൾ എന്നു പേരിട്ടു. ദൈവം ഇസ്രായേൽ ഗൃഹത്തോടു കരുണ കാണിക്കയില്ല എന്നർത്ഥം. അടുത്ത കുട്ടി ആൺകുട്ടിയായിരുന്നു. അവനു ലോ-അമ്മി എന്നു പേരിട്ടു. അതിനർത്ഥം "എന്റെ ജനമല്ലാത്തവൻ എന്നത്രെ. ഇസ്രായേൽ ജനത്തിന്റെ മത്സര ബുദ്ധിയും ശാഠ്യവും നിമിത്തം ദൈവം വിഷമിച്ചു. അങ്ങനെ അവൻ പറഞ്ഞു, നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല (ഹോശെയാ 1:1-9).

മഹത്തായ ശ്രേഷ്ഠ നാമങ്ങൾ നമ്മുടെ കർത്താവിനായി സൂക്ഷിച്ചിരുന്നു. ദൈവദൂതൻ യോസേഫിനു പ്രത്യക്ഷനായി പറഞ്ഞതു: അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). യെശയ്യാവു 7:14 ഉദ്ധരിക്കയുമുണ്ടായി. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും." ദൈവത്തിന്റെ അഭിഷിക്തനാകയാൽ അവനെ ക്രിസ്തു എന്നു വിളിച്ചിരുന്നു. അവൻ നമ്മെ വിലെക്കു വാങ്ങി വീണ്ടെടുത്ത പരമാധികാരിയായിരിക്കയാൽ നാം അവനെ നമ്മുടെ കർത്താവു എന്നു വിളിക്കുന്നു (റോമർ 7:24-25; 1 കൊരിന്ത്യർ 6:19-20). നമ്മുടെ രക്ഷക്കായി നാം വായി കൊണ്ടു യേശുവിനെ കർത്താവു എന്നു ഏറ്റു പറയണം എന്നു കല്പിച്ചിരിക്കുന്നു (റോമർ 10:9-10). ഈ മുൻപറഞ്ഞ നാമധേയ വിഭാഗക്കാർ എല്ലാം തന്നെ യേശുവിനെ ദൈവ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകൾ മാത്രമെ വിളിക്കുന്നുള്ളൂ എന്നതു ആശ്വാസകരം.

## ദൈവ ജനത്തിനായി ഒരു പുതിയ പേർ

ദൈവത്തിന്റെ അരുളപ്പാട് എന്തെന്നാൽ, സീയോനെ കുറിച്ചു ഞാൻ മിണ്ടാതെ ഇരിക്കയില്ല, യെരുശലേമിനെ കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല; അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ

രക്ഷ, കത്തുന്ന വിളക്കുപോലെയും വിളങ്ങി വരുവോളം തന്നെ (യെശയ്യാവു 62:1-2). ആ കാലത്തു ജാതികളും മറ്റു ദേശക്കാരും കർത്താവിന്റെ നീതിയെ കാണും. ദൈവജനത്തിനു ഒരു പുതിയ പേർ വിളിക്കപ്പെടും. പുതിയ നിയമ കാലഘട്ടത്തിലെ ചരിത്രം നോക്കിയാൽ അന്ത്യോക്യയിലാണ് ആദ്യത്തെ നാമം വിളിക്കപ്പെടുന്നത് എന്നു കാണാം. യെഹൂദന്മാരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒന്നായിരുന്നു അത്. അവിടെ വെച്ചാണ് കർത്താവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ വിളിക്കപ്പെട്ടത് (പ്രവൃത്തി 11:26).

## സഭയ്ക്കു ദൈവം നല്കിയ പേരുകൾ

ക്രിസ്തുവിന്റെ സഭയ്ക്കു ദൈവം വിളിച്ചിരിക്കുന്ന പേരല്ലാതെ മറ്റൊന്നു സ്വീകരിക്കുന്നതെന്തിന്? സഭ ക്രിസ്തുവിന്റെ ശരീരമാണെന്നോർമ്മിക്കുക (എഫെസ്യർ 1:22-23). ക്രിസ്തുവിന് നമ്മെപോലെ ഒരു ശരീരമാണുള്ളത് (എഫെസ്യർ 4:4). നമ്മിൽ ആരെങ്കിലും തലയെ ഒരു പേരിലും ശരീരത്തെ മറ്റൊരു പേരിലും അറിയപ്പെടാൻ ആഗ്രഹിക്കുമോ? അതുപോലെ, സഭ എന്നതു ക്രിസ്തുവിന്റെ മണവാട്ടിയാണ് (എഫെസ്യർ 5:22-23). തന്റെ ഭാര്യ വേറൊരു ആളുടെ പേരിൽ അറിയപ്പെടുന്ന ഭർത്താവു ഉണ്ടോ? പരിശുദ്ധാത്മാവിനെ അയച്ച പിതാവും പുത്രനും ഈ കാര്യത്തിൽ ഐകമത്യപ്പെട്ടു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. സഭ (പ്രവൃത്തി 2:47; കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ സഭകൾ (റോമർ 16:16). ക്രിസ്തുവിന്റെ ശരീരം എന്നും വിളിച്ചിട്ടുണ്ട് (റോമർ 12:4-5). ദൈവാനുവാദമില്ലാതെ ദൈവത്തിന്റെ സഭയ്ക്കു പേരിടുവാൻ ദൈവം ആരെയും അധികാരപ്പെടുത്തിയിട്ടില്ല.

✶

# വീണ്ടും സ്നാനം ആർക്ക്?

## ഫ്രാൻസിസ് ഡേവിഡ്

ആകയാൽ നിങ്ങൾ പുറപ്പെട്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ എന്നു യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചു (മത്തായി 28:19). ഇതിനെ കർത്താവിന്റെ മഹത്തായ കല്പന എന്നു വിളിക്കുന്നു. ഒരു ദേശത്തിനോ ഒരു ജാതിക്കോ മാത്രമായിട്ടല്ല യേശു

വിന്റെ സന്ദേശം നല്കപ്പെട്ടത്. എല്ലാ ജാതിക്കാർക്കും എല്ലാ ദേശക്കാർക്കും ആണ്. സുവിശേഷം സർവ്വലൗകികമാണ്. കർത്താവു വന്നതു ലോകത്തിന്റെ മുഴുവൻ രക്ഷകനായിട്ടാണ്. അവൻ മരിച്ചതു സർവ്വ മനുഷ്യർക്കും വേണ്ടിയായിരുന്നു.

നാം തിരുവെഴുത്തു വായിക്കുമ്പോൾ സത്യം കേട്ടു പഠിക്കുന്നതും ശരിയായി പ്രതികരിക്കുന്നതും ആയ ആളുകളെ സ്നാനപ്പെടുത്തുവാനും യേശു അവരോടു ആജ്ഞാപിക്കയുണ്ടായി. സ്നാനം ഏറ്റശേഷവും അവർ കർത്താവിന്റെ മറ്റു കല്പനകൾ പ്രമാണിക്കേണ്ടിയിരുന്നു. ആദ്യമായി ആരെയാണ് സ്നാനം കഴിപ്പിക്കേണ്ടത് എന്നു ചോദിച്ചേക്കാം. എങ്കിലേ വീണ്ടും സ്നാനത്തിന്റെ കാര്യം നോക്കിയാൽ ശരിയാകയുള്ളൂ.

വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നത്രെ തിരുവെഴുത്തു പറയുന്നത്. സ്ത്രീയായാലും പുരുഷനായാലും ഒരാളെ നാം വചനം പഠിപ്പിക്കുമ്പോൾ അയാൾക്കു സത്യം ബോധ്യമാകുന്നു. അതായത് ആ വ്യക്തി സത്യം വിശ്വസിച്ചു എന്നർത്ഥം. അങ്ങനെ സത്യം വിശ്വസിച്ച ഒരാൾക്കാണ് സ്നാനം ആവശ്യം. ക്രിസ്തു ദൈവ പുത്രനാണെന്ന സത്യമാണ് ഒരാൾ വിശ്വസിക്കേണ്ടത്. അതിനുള്ള ഉദാഹരണങ്ങൾ അപ്പൊസ്തല പ്രവൃത്തികളിൽ ഉണ്ട്. അതിൽ ഒന്നാണ് ഷണ്ഡന്റെ അനുസരണം. ഫിലിപ്പൊസ് എന്ന സുവിശേഷകൻ ഷണ്ഡനോടു ക്രിസ്തുവിനെ കുറിച്ച് പൊരുൾ തിരിച്ചു കൊടുത്തു. അതു മനസ്സിലാക്കിയ ഷണ്ഡൻ വെള്ളം കണ്ടപ്പോൾ സ്നാനം ഏല്ക്കുവാൻ എനിക്ക് എന്താണ് തടസം എന്നു ചോദിച്ചു. നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു ഫിലിപ്പൊസ് പറഞ്ഞു. ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. വിശ്വാസത്തെ അനുസരണത്തിൽ കൊണ്ടു വരുന്നതാണ് സ്നാനം (പ്രവൃത്തി 8:35-38).

സ്നാനം ഏല്ക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി മാനസാന്തരപ്പെടണം. മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു കർത്താവു അരുളിച്ചെയ്തു (ലൂക്കൊസ് 13:3). മാനസാന്താരം എന്നാൽ വഴി മാറൽ എന്നർത്ഥം. തെറ്റായ വഴി വിട്ടു ശരിയായ വഴിയിലേക്കു മാറണം. പെന്തെ

ക്കൊസ്തു നാളിൽ യെഹൂദന്മാരോടു മാനസാന്തരപ്പെട്ടു സ്നാന മേൽക്കുവാനാണ് പ്രബോധിപ്പിച്ചത് (പ്രവൃത്തി 2:38). ആകയാൽ സ്നാനം ഏല്ക്കുന്നതിനു മുൻപ് ഏതൊരാളും മാനസാന്തരപ്പെട്ടി രിക്കണം. എന്നാൽ ചിലർ ഇതിൽ നിന്നു വ്യത്യസ്തമായി കാണു ന്നുണ്ട്. ഒരാൾ വ്യഭിചാരത്തിൽ ജീവിക്കുന്നു എന്നു വിചാരിക്കുക. അയാൾ തന്റെ ജീവിതത്തിനു മാറ്റമുണ്ടാകാതെ സ്നാനം ഏല്ക്കു കയാണെങ്കിൽ മാനസാന്തരപ്പെടാതെയാണ് സ്നാനം ഏല്ക്കു ന്നത്.മാനസാന്തരപ്പെട്ട ഒരാൾ പുതിയ സൃഷ്ടിയായി തീരുന്നു. കാരണം അയാൾ തന്റെ കഴിഞ്ഞകാല ദൂഷ്യ വശങ്ങളെ എല്ലാം വിട്ടുകളയുന്നു. സകല അശുദ്ധിയും ദുർന്നടപ്പും, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ഈർഷ്യ, മദ്യപാനം, വെറിക്കൂത്ത്, കുല, അസൂയ എന്നിവ എല്ലാം ഉപേക്ഷിച്ചെങ്കിൽ മാത്രമെ മാനസാന്തരം ആകുന്നുള്ളൂ. എങ്കിലേ സ്നാനം ഏല്ക്കുമ്പോൾ സകല പാപങ്ങളും കഴുകി കളയുകയുള്ളൂ (പ്രവൃത്തി 22:16).

ക്രിസ്തുവിനെ കൂടാതെയുള്ളവർക്കാണ് സ്നാനം ആവശ്യം. ഒരാൾ വചനത്തിൽ പറഞ്ഞിട്ടുള്ള സ്നാനം ഏറ്റില്ലെങ്കിൽ അയാൾ ക്രിസ്തുവിനെ കൂടാതെയുള്ള ആളാണ്. ക്രിസ്തുവിനോടു ചേരു വാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു എന്നാണ് ബൈബിൾ പറയുന്നതു (ഗലാത്യർ 3; 27). ക്രിസ്തുവിനെ ധരിക്കുവാനും ക്രിസ്തുവിനോടു ചേരുവാനും സ്നാനം എന്ന കല്പന അനുസരിക്കണം. ക്രിസ്തുവിലാകണമെ ങ്കിൽ ഈ നിബന്ധന അനുസരിക്കണം. ക്രിസ്തുവിന്റെ ശരീര ത്തോടു ചേർക്കപ്പെടണമെങ്കിൽ ഒരാൾ രക്ഷിക്കപ്പെടണം. രക്ഷി ക്കപ്പെടുവാനുള്ള ഒരു കല്പനയാണ് സ്നാനം (മർക്കൊസ് 16:16). അപ്പൊസ്തലനായ പത്രൊസും ഇതു സ്ഥിരീകരിക്കുന്നുണ്ട്. സ്നാനം ജഡത്തിന്റെ അഴുക്കു കളയുന്നതിനായിട്ടല്ല, ദൈവത്തോ ടുള്ള നല്ല മനസാക്ഷിക്കായി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21). ദൈവം അംഗീകരിക്കുന്ന രക്ഷ വചനപ്രകാരമുള്ളതാണ്. നിങ്ങൾ വചനപ്രകാരം രക്ഷിക്ക പ്പെട്ടോ ഇല്ലയോ എന്ന് ഉറപ്പ് വരുത്തുക.

✶

# വാർത്തകൾ

## നവവധു ഭർതൃഗൃഹത്തിൽ പൊള്ളലേറ്റു മരിച്ചു

മൂന്നു മാസം മുൻപ് വിവാഹിതയായ യുവതി ഭർതൃഗൃഹത്തിൽ പൊള്ളലേറ്റു മരിച്ചു. കൊലപാതകമെന്നു ബന്ധുക്കൾ ആരോപിച്ചു. കൊല്ലം പേരൂർ വയലിൽ പുത്തൻവീട്ടിൽ ലേഖ (25) യാണു ഭർതൃഗൃഹമായ വർക്കല പാളയംകുന്ന് ലണ്ടൻമുക്ക് വലിയപൊയ്ക വീട്ടിൽനിന്ന് തീപ്പൊള്ളലേറ്റു മരിച്ചത്.

✶

## പുതിയ ബസ് സ്റ്റോപ്പ്, ഒട്ടും മുഷിയില്ല

സമയത്തിനു വരാത്ത ബസുകൾ കാത്തുനിന്ന് ഇനി മുഷിയേണ്ട. തലസ്ഥാന നഗരത്തിലെ പ്രധാന വീഥികളിൽ വരാൻ പോകുന്ന ബസ് ഷെൽറ്ററുകളിൽ കാത്തിരിപ്പിനിടയിൽ സംഗീതം കേൾക്കാം. വാർത്ത കേൾക്കാം. ഷെൽറ്ററിനു ചുറ്റുമുള്ള പ്രധാന സ്ഥലങ്ങളെ കുറിച്ചുള്ള വിവരങ്ങൾ വായിച്ചറിയാം.

✶

## ഓണത്തിന് കുടിച്ചത് 85.7 കോടിയുടെ മദ്യം

തിരുവോണ നാളിലും തൊട്ടുമുൻപു രണ്ടു ദിവസങ്ങളിലുമായി ബിവ്റിജസ് കോർപറേഷന്റെ മാത്രം വിദേശമദ്യക്കച്ചവടം 85.7 കോടി രൂപ, മലയാളികളുടെ മദ്യപാനാസക്തി സർവകാല റെക്കോർഡിലേക്ക്. തിരുവോണം അടക്കമുള്ള മൂന്നു ദിവസത്തെ കച്ചവടത്തിൽ മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 9.1 കോടി രൂപയുടെ വർദ്ധനയുണ്ട്.

✶

*Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## ചുവന്ന തെരുവിൽ നിന്ന്
## മലയാളി പെൺകുട്ടിയെ മോചിപ്പിച്ചു

ഒരു ലക്ഷം രൂപയ്ക്ക് ഏജന്റ് വിറ്റ മലയാളി പെൺകുട്ടിയെ അനാശാസ്യ കേന്ദ്രത്തിൽനിന്നു സാമൂഹിക സംഘടന മോചിപ്പിച്ചു. നാസിക്കിലെ ന്യൂ നാസിക് ത്രിമൂർത്തി ചൗക്ക് ഭാഗത്തെ കെട്ടിടത്തിൽ നിന്ന് ഇന്നലെ വൈകിട്ട് ആറോടെയാണ് പതിനഞ്ചുകാരി മലയാളി പെൺകുട്ടിയെ നിതേഷ് റാണെയുടെ നേതൃത്വത്തിലുള്ള സ്വാഭിമാൻ സംഘടന മോചിപ്പിച്ചത്.

★

## ഇന്ത്യക്കാർക്കും ഇസ്രയേൽക്കാർക്കും
## വീസ നൽകരുതെന്നു പാക്കിസ്ഥാൻ

പ്രളയബാധിത പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തുന്നതിൽനിന്ന് ഇന്ത്യക്കാരെയും ഇസ്രയേൽക്കാരെയും ഒഴിവാക്കണമെന്നു വിവിധ സ്ഥാനപതി കാര്യാലയങ്ങൾക്കു പാക്കിസ്ഥാൻ നിർദേശം നൽകി. വിവിധ രാജ്യങ്ങളിൽനിന്നെത്തുന്ന ആയിരക്കണക്കിനു രക്ഷാപ്രവർത്തകരെ പ്രത്യേക സൗജന്യ വീസ നൽകി സ്വാഗതം ചെയ്ത പാക്ക് വിദേശകാര്യ മന്ത്രാലയം ഇന്ത്യക്കാർക്കും ഇസ്രയേൽക്കാർക്കും വീസ നിഷേധിച്ചാണു പ്രളയക്കെടുതിയിലും രാഷ്ട്രീയം കലർത്തിയത്.

★

## എക്സൈസ് നിരക്ക്

ചെക്ക് പോസ്റ്റിൽ ഒരു ചരക്കുവാഹനമെത്തുന്നു. ആദ്യം സെയിൽസ്ടാക്സ് ഉദ്യോഗസ്ഥരുടെ പരിശോധന. ശേഷം ഊഴം എക്സൈസുകാർക്കാണ്. ആദ്യ സംഘം പരിശോധനയ്ക്കു ശേഷം സ്പിരിറ്റ് അല്ല എന്ന് ഉറപ്പു വരുത്തിയശേഷം ജിവിആർ ഫോം (ഗുഡ് വെഹിക്കിൾ റിപ്പോർട്ട്) നൽകുന്നു. ശേഷം എക്സൈസ് ഓഫീസ് കൗണ്ടറിലേക്കു പറഞ്ഞുവിടുന്നു.

★

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m.<br>(Jai Hind TV)<br>Speaker: P.K. Varghese, **Church of christ**<br>Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405<br>Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 September**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11

Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To